# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3019 18.06.2019-ൽ മറുപടിക്ക്

### <u>മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റുകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.പി.ഉബൈദുള്ള | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിൽ പ്ലസ് വൺ അലോട്ട്മെന്റുകൾ പൂർത്തിയായപ്പോൾ എത്ര കുട്ടികൾ പ്രവേശനം നേടിയെന്ന് വെളിപ്പെടുത്തുമോ; | (എ) ഉം (ബി) | അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയായിട്ടില്ല. |
| (ബി) | പ്രസ്തുത ജില്ലയിൽ ഇനി ഒഴിവുള്ള സീറ്റുകൾ എത്രയാണെന്നും എത്ര അപേക്ഷകർക്ക് ഇനിയും അഡ്മിഷൻ ലഭിക്കാനുണ്ടെന്നും അറിയിക്കാമോ; | | |
| (സി) | മറ്റു ജില്ലകളിൽ നിന്ന് അധിക സീറ്റുകൾ മലപ്പുറം ജില്ലയിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (സി) | 2018-19 അധ്യയന വർഷം 8 ബാച്ചുകൾ മലപ്പുറം ജില്ലയിലേക്ക് മാറ്റി പുനഃക്രമീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കന്ററി ബാച്ചുകൾ 2019-20 അധ്യയന വർഷം ഹയർ സെക്കന്ററി പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ ജില്ലക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ജില്ലയിൽ അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | വിവിധ കോടതിവിധികളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുമ്പോൾ മാത്രമെ മലപ്പുറം ജില്ലയിൽ |

അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

**സെക്ഷൻ ഓഫീസർ.**